(സി) ജനകീയാസൂത്രണത്തിനുള്ള തുകയിൽ ഒരു നിശ്ചിത ശത മാനം കലയുടേയും കലാകാരൻമാരുടേയും പരിപോഷണത്തിനുവേണ്ടി നീക്കിവയ്ക്കാൻ നടപടികളെടുക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ) ജനകീയാസൂത്രണത്തിൽ സാംസ്കാരിക പ്രവർത്തന ങ്ങൾക്കായി പ്രത്യേക പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല. ഉൽപാദന, സേവന, പശ്ചാത്തല മേഖ ലകളിലായി അതതു തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യാനുസരണ മുള്ള പദ്ധതികൾ അവയ്ക്കുതന്നെ തയ്യാറാക്കാവുന്നതാണ്.

(ബി) ഇക്കാര്യത്തിനായി സർക്കാർ പ്രത്യേക നിർദ്ദേശങ്ങൾ ഒന്നും നൽകിയിട്ടില്ല.

(സി) ഇത്തരത്തിലൊരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ഇപ്പോഴില്ല.

LIBRARY ARCHIVES Kerala Legislative Assembly

14 (*321) ഖാദി ഗ്രാമവ്യവസായ മേഖലയിലെ തൊഴിലവസരങ്ങൾ

ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഖാദി ഗ്രാമ വ്യവസായ മേഖലയിൽ തൊഴിലവസര ങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പി ലാക്കിക്കൊണ്ടിരിക്കുന്നത്;

(ബി) പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കേന്ദ്ര ഖാദി കമ്മീഷന് എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(സി) ഗ്രാമവ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം ഏകോപിപ്പി ക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി രൂപീകരിച്ച ഫെഡറേഷനുക ളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) എന്തെല്ലാം ഗ്രാമവ്യവസായങ്ങൾക്കാണ് ഇപ്പോൾ ഫെഡറേ ഷൻ രൂപീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) തീപ്പെട്ടി, സോപ്പ്, തേനീച്ചവളർത്തൽ എന്നീ വ്യവസായ ങ്ങൾ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഖാദി ഗ്രാമവ്യവസായ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പ്രധാനമായി മൂന്ന് പദ്ധതികൾ ഖാദിഗ്രാമ വ്യവസായ ബോർഡ് നടപ്പിലാക്കിവരുന്നുണ്ട്. അവ താഴെപ്പറയുന്നവയാണ്.

(1) ഖാദി കമ്മിഷന്റെ കൺസോർഷ്യം ബാങ്ക് ക്രെഡിറ്റ് പദ്ധതി.

(2) ഖാദി കമ്മിഷന്റെ മാർജിൻമണി പദ്ധതി.

(3) സംസ്ഥാന സർക്കാരിന്റെ പലിശ സബ്സിഡി സ്കീം.

(ബി) പുതിയ പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല.

(സി) ഫെഡറേഷനുകളുടെ പ്രവർത്തനം ഖാദി ബോർഡ് പരിശോധിച്ചിട്ടുണ്ട്. സർക്കാർ പരിശോധിച്ചിട്ടില്ല.

(ഡി) ആറ് ഗ്രാമവ്യവസായങ്ങൾക്കാണ് ഇപ്പോൾ ഫെഡറേഷനുകൾ രൂപീകരിച്ചിട്ടുള്ളത്.

(1) തീപ്പെട്ടി വ്യവസായം

(2) സോപ്പ് വ്യവസായം

(3) ഇലക്ട്രോണിക്സ് വ്യവസായം

(4) തേനീച്ചവളർത്തൽ വ്യവസായം

(5) തുകൽ വ്യവസായം

(6) റബ്ബർ വ്യവസായം

ഇതിനുപുറമെ തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിൽ ഓരോ പാംഗ്രൂർ ഫെഡറേഷനും പ്രവർത്തിച്ചുവരുന്നു.

(ഇ) ഇക്കാര്യത്തിൽ ഖാദി ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്.

15 (*322) വനിതാ വികസന കോർപ്പറേഷന്റെ സ്വയംതൊഴിൽ പദ്ധതികൾ

ശ്രീ. പി.എസ്. സുപാൽ :
ശ്രീ. യു.എസ്. ശശി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വനിതാവികസന കോർപ്പറേഷന്റെ വിവിധ സ്വയം തൊഴിൽ പദ്ധതികൾ ഏതെല്ലാം;

(ബി) പ്രസ്തുത പദ്ധതിപ്രകാരം കഴിഞ്ഞ ഒരുവർഷം എത്ര ലക്ഷം രൂപ വായ്പ അനുവദിച്ചു;

(സി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) വനിതാ വികസന കോർപ്പറേഷൻ പുതിയ എന്തെല്ലാം സ്വയംതൊഴിൽ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ;

(ഇ) സ്വയം തൊഴിൽ പദ്ധതിക്കുള്ള വ്യവസ്ഥകൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വനിതകൾക്ക് താഴെപ്പറയുന്ന വിധത്തിലുള്ള രണ്ടുതരം സ്വയംതൊഴിൽ പദ്ധതികൾക്കാണ് വായ്പ അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly